പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 167 — 01.02.2018 ൽ മറുപടിക്ക്

## റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. വിജയൻ പിള്ള<br>" കെ.വി.വിജയദാസ്<br>" ആന്റണി ജോൺ<br>" എം. മുകേഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) റോഡപകടങ്ങൾ പകുതി യായെങ്കിലും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തിയ ഇടപെടലുകൾ ഫലപ്രദ മാകുന്നതിന്റെ ലക്ഷണ മായി റോഡപകട ങ്ങളുടെ എണ്ണത്തിലും പരിക്കേറ്റവരുടെയും മരണപ്പെട്ടവരുടെയും എണ്ണത്തിലും കുറവു വന്നിട്ടുള്ളത് കണക്കി ലെടുത്ത് റോഡപകടം കുറയ്ക്കാൻ കൂടുതൽ തീവ്രമായ ഇടപെടലി നായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) റോഡപകടങ്ങൾ പരമാവധി തടയുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകടം കൂടിയ സ്ഥലങ്ങൾ 24 മണിക്കൂറും നിരീക്ഷിച്ച് അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നുണ്ട്. ഇവ കൂടാതെ ഹൈവേയിൽ കൂടുതലിടങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും GPS അധിഷ്ഠിതമായ വാഹനനിരീക്ഷണസംവിധാനം നടപ്പാക്കും. ആദ്യ ഘട്ടത്തിൽ എല്ലാ സ്വകാര്യബസ്സുകളിലും ഈ സംവിധാനം നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധന ശക്തമാക്കുന്നതാണ്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാപരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി ആട്ടോമേറ്റഡ് ഡ്രൈവിങ്ങ് ലൈസൻസ് സംവിധാനവും വാഹന ക്ഷമതാപരിശോധനാ കേന്ദ്രങ്ങളും ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിങ്ങിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കും. |
| (ബി) അമിതവേഗതയും ഗതാഗതലംഘനവുമാണ് റോഡപകടങ്ങളുടെ മുഖ്യകാരണമെന്നതിനാൽ | (ബി) വാഹന പരിശോധനാ സമയങ്ങളിലും വാഹനം ഫിറ്റ്നസ് ടെസ്റ്റിന് ഹാജരാക്കുമ്പോഴും വേഗപ്പൂട്ട് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. വാഹന പരിശോധനയിൽ വേഗപ്പൂട്ട് ശരിയായ രീതിയിൽ |

| | | | |
|---|---|---|---|
| | ഇതു കർശനമായി നിയന്ത്രിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; വലിയ വാഹനങ്ങളിലും ഇടത്തരം ചരക്കുവാഹനങ്ങളിലും നിർബന്ധമാക്കിയ സ്പീഡ് ഗവർണർ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധന നടത്താറുണ്ടോ; | | പ്രവർത്തിക്കാത്ത വാഹനങ്ങൾക്കെതിരെ പിഴ ഈടാക്കൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യൽ തുടങ്ങിയ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | 'റോഡ് സുരക്ഷക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടനയുടെ പരിപാടിയുടെ ഭാഗമായി സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാ കൗൺസിലുകളും നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | "റോഡ് സുരക്ഷക്കായി ഒരു ദശകം" എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി മോട്ടോർ വാഹനവകുപ്പ് പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിങ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും ഉള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിങ്ങിലും ട്രാഫിക് അവബോധം വളർത്തുന്നതിനുമുദ്ദേശിച്ചുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കും അവബോധന/ പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ റോഡപകടങ്ങൾ ഘട്ടം ഘട്ടമായി കുറച്ചു കൊണ്ട് വരുന്നതിനായി റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിക്കുന്നതിനുള്ള പ്രോട്ടോകോൾ അംഗീകരിക്കുകയും അത്തരം ബ്ലാക്ക്സ്പോട്ടുകൾ ഇല്ലാതാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

SRaj.

സെക്ഷൻ ഓഫീസർ